(സി) തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിൽ 'ലീഗൽ എയ്ഡഡ് കമ്മിറ്റി' എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഹൈക്കോടതിയുടെ നിയന്ത്രണത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ജില്ലാ ജഡ്ജി ചെയർമാനായുള്ള കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ടി കമ്മിറ്റി റിപ്പോർട്ട് യഥാസമയം അഡ്വക്കേറ്റ് ജനറലിന് അയച്ചു കൊടുക്കാറുണ്ട്.

(ഡി) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ബന്ധുക്കൾ വിളിച്ചു കൊണ്ടുപോകാത്ത കേസുകളൊന്നും നിലവിലില്ല. തൃശ്ശൂരിൽ ഇത്തരത്തിലുള്ള 8 കേസ്സുകളും, കോഴിക്കോട് 217 കേസ്സുകളും നിലവിലുണ്ട്.

(ഇ) തിരുവനന്തപുരത്ത് ഇത്തരത്തിലുള്ളവരെ പുനരധിവസിപ്പിക്കേണ്ട പ്രശ്നം ഉദിക്കുന്നില്ല. തൃശ്ശൂരിൽ ഇത്തരത്തിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുള്ള കെട്ടിടത്തിന്റെ പണി നടന്നുവരുന്നു. ആയതു പൂർത്തിയായാലുടൻ ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കോഴിക്കോട് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 'ആശ്രയഭവൻ' എൻ. ജി. ഒമാർ നടത്തുന്ന 'ശാന്തിഭവൻ' 'ആശ്രമ' 'കരുണഭവൻ' എന്നിവിടങ്ങളിൽ ഇത്തരത്തിൽ ഉള്ളവരെ പുനരധിവസിപ്പിച്ചു വരുന്നു.

വെങ്ങോല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ എക്സ്റേ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് നടപടി

105 (3861) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂരിലെ വെങ്ങോല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ എക്സ്റേ യൂണിറ്റ് ഇന്നേവരെ പ്രവർത്തിപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സെന്ററിലെ എക്സ്റേ ഉപകരണങ്ങൾക്കും മറ്റുമായി ആകെ എത്ര രൂപ ചെലവായിട്ടുണ്ട് ;

(സി) ഈ എക്സ്റേ മെഷീൻ എന്നാണ് സ്ഥാപിച്ചത് ;

(ഡി) ഇവിടെയുള്ള എക്സ്റേ സംവിധാനം കാര്യക്ഷമമാക്കുവാനും ഇതിനായി ടെക്നീഷ്യനെ നിയമിക്കുവാനും സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സ്റേ മെഷീൻ വാങ്ങിയ വകയിൽ 3,10,000 രൂപ ചെലവായിട്ടുണ്ട്.

(സി) 13-11-1999-ൽ.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly